**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2162** **01-09-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് മരണങ്ങൾ എത്രയാണ്; കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള എത്ര അപേക്ഷകളിൽ ഇനി തീരുമാനം കൈക്കൊള്ളാൻ ബാക്കിയുണ്ട്; | (എ) | സംസ്ഥാനത്ത് 24/08/2022 വരെ 70,767 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 24/08/2022 വരെ ലഭിച്ച അപേക്ഷകളിൽ 472 അപേക്ഷകൾ ആശുപത്രിതലത്തിലും 328 അപേക്ഷകൾ CDAC മുഖാന്തിരവും തീർപ്പാക്കാനുണ്ട്. |
| (ബി) | സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് എത്രയാണ്; ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി ലഭ്യമാക്കുമോ; | (ബി) | ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ കോവിഡ് മരണനിരക്ക് 1.05% ആണ് . |
| (സി) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നാളിതുവരെ എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനി എത്ര പേർക്ക് സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നാളിതുവരെ നൽകിയ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>1. റവന്യൂ വകുപ്പ് മുഖേന കോവിഡ് എക്സ്ഗ്രേഷ്യ ധനസഹായമായി 316,51,43,377/- രൂപ നൽകിയിട്ടുണ്ട്. 2587 പേർക്ക് കോവിഡ് എക്സ്ഗ്രേഷ്യ നൽകാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>2. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് നൽകിവരുന്ന 5000/- രൂപ ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,79,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6244 അപേക്ഷകൾക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ചുവരുന്നു.<br><br>3. കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ടുകയും |

| | | | |
|---|---|---|---|
| | | | ചെയ്ത കുട്ടികൾക്കും വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/- രൂപ (രണ്ടായിരം രൂപ) വീതം കുട്ടിയ്ക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് മാസം തോറും നിക്ഷേപിക്കുന്നു. കൂടാതെ അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപവും നൽകി വരുന്നു. ഇത്തരത്തിൽ 136 കുട്ടികൾക്ക് ആകെ 4,27,38,000/- രൂപ 31/03/2022 വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. പുതുതായി 5 കുട്ടികൾക്ക് കൂടി പ്രസ്തുത സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>4. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന ഇൻഷുറൻസ് പരിരക്ഷ പ്രകാരം സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ ആശ്രിതർക്ക് (മൊത്തം 39 പേർക്ക്) കേന്ദ്ര സർക്കാർ 19.50 കോടി രൂപ നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിക്കാനുള്ള 19 പേരുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു. |
| (ഡി) | കോവിഡ് മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കത്ത് നൽകിയിരുന്നോ; എങ്കിൽ എന്തെല്ലാമാണ് സംസ്ഥാനത്തിന്റെ വീഴ്ചയായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്; സംസ്ഥാനം എന്ത് മറുപടിയാണ് നൽകിയത്; വിശദമാക്കുമോ? | (ഡി) | 2022 ജൂലൈ മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു അർദ്ധ ഔദ്യോഗിക കത്ത് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നു. ഇത് പ്രകാരം കോവിഡ് കേസുകളും മരണങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അതത് ദിവസം തന്നെ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ, ദിനംപ്രതി കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളെ 24 മണിക്കൂറിനകം റിപ്പോർട്ട് ചെയ്യപ്പെടുന്നവ, അതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെടുന്നവ (delayed / reconciled death as per ICMR), reconciled death based on Supreme Court criteria എന്നിങ്ങനെ തരംതിരിച്ച് റിപ്പോർട്ട് ചെയ്യാനായി നിർദ്ദേശിച്ചു. ഇത് കൂടാതെ മരണം സംഭവിച്ച് 90 ദിവസത്തിനകം അംഗീകരിച്ച അപ്പീൽ മരണങ്ങൾ മാത്രമേ നാഷണൽ ബുള്ളറ്റിനിൽ കോവിഡ് മരണം ആയി പ്രസിദ്ധീകരിക്കുകയുള്ളൂവെന്നും അറിയിച്ചിരുന്നു. കേരള സംസ്ഥാനം ആദ്യം മുതൽക്കു തന്നെ ദിനംപ്രതി റിപ്പോർട്ട് ചെയ്യുന്ന കോവിഡ് മരണങ്ങളേയും അപ്പീൽ മുഖാന്തിരമുള്ള മരണങ്ങളേയും വെവ്വേറെ വേർതിരിച്ചാണ് കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ